ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ,

(എ) ഗവൺമെന്റ് റെയിൽവേ പോലീസിൽ ഒരു എസ്.പി., രണ്ട് ഡി. വൈ.എസ്.പി., നാല് ഇൻസ്പെക്ടർ, എഴുപത്തിയഞ്ച് സീനിയർ സിവിൽ പോലീസ് ഓഫീസർ, 376 സിവിൽ പോലീസ് ഓഫീസർ എന്നിവരുടെ സേവനവും കേരളത്തിലൂടെ സഞ്ചരിക്കുന്ന 97 തീവണ്ടികളിൽ മൊബൈൽ/ബീറ്റ് പട്രോൾ ഡ്യൂട്ടിക്കായി ഓരോ വണ്ടിയിലും രണ്ട് വീതം പുരുഷ/വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ സേവനവും നൽകുന്നുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകളിൽ ഏറ്റക്കുറച്ചിലുകളുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റെയിൽവേയുടെ അംഗീകാരത്തോടെ ഗവൺമെന്റ് റെയിൽവേ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുവാനും റെയിൽ സുരക്ഷാ സേനയും ഗവൺമെന്റ് റെയിൽവേ പോലീസും തമ്മിലുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സഹകരണം വർദ്ധിപ്പിക്കുവാനും റെയിൽ അലർട്ട് സേവനത്തിന് ആവശ്യമായ പ്രചാരം നൽകാനും രാത്രി 7 മണിക്ക് ശേഷമുള്ള എല്ലാ പാസഞ്ചർ തീവണ്ടികളിലും സ്ത്രീകളുടെ കംപാർട്ട്മെന്റിനടുത്തുള്ള കംപാർട്ട്മെന്റുകളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എല്ലാ കംപാർട്ട്മെന്റുകളിലും പരാതിപ്പെട്ടി/പരാതി കാർഡ് സ്ഥാപിക്കാനും/ലഭ്യമാക്കാനും റെയിൽവേ ജീവനക്കാർക്ക് സ്ത്രീ യാത്രക്കാരുടെ സുരക്ഷ സംബന്ധിച്ച ബോധവൽക്കരണം നൽകാനും ഓരോ സ്റ്റേഷനിലും സ്റ്റേഷൻ മാസ്റ്ററോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ വനിതാ കംപാർട്ട്മെന്റ് പരിശോധിക്കാനും യാത്രക്കാരികൾക്ക് ആവശ്യമായ നിർദ്ദേശം നൽകാനും തീവണ്ടികളിലെ കച്ചവടക്കാരെയും വില്പനക്കാരെയും നിശ്ചിത കാലയളവുകളിൽ പരിശോധിക്കുവാനും വനിതാ കംപാർട്ട്മെന്റിന് പകരം ജനറൽ കംപാർട്ട്മെന്റുകളിൽ നിശ്ചിത എണ്ണം സീറ്റ് സ്ത്രീകൾക്ക് സംവരണം ചെയ്യാനും അതുവരെ വനിതാ കംപാർട്ട്മെന്റ് ട്രെയിനിന്റെ മധ്യഭാഗത്താക്കാനുമുള്ള നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടിയെടുക്കുവാൻ റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പോലീസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി

17 (*197) ശ്രീ. പി. ജയരാജൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ബി. രാഘവൻ :
ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രമസമാധാനരംഗം കാര്യക്ഷമമാക്കുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വർഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളുടെ എണ്ണത്തിൽ കാര്യമായ കുറവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് നടന്ന കൊലക്കേസ്സുകൾ ഊർജ്ജിതമായി അന്വേഷിക്കുന്നതിനും കുറ്റവാളികളെ അറസ്റ്റുചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) പോലീസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) ക്രമസമാധാന രംഗം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർത്തിരിക്കുന്നു :

1. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശനവും മാതൃകാപരവുമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റകൃത്യ സാധ്യത കൂടുതലുള്ള സ്ഥലങ്ങളിലും തിരക്കേറിയ സ്ഥലങ്ങളിലും പോലീസ് സാന്നിദ്ധ്യം, പരിശോധന എന്നിവ ഏർപ്പെടുത്തിവരുന്നു.

2. പുതിയ വാഹനങ്ങൾ ലഭ്യമാക്കുകയും പോലീസ് കോൺസ്റ്റബിൾ തലം വരെയുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സൗജന്യമായി മൊബൈൽ സിം കാർഡുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

3. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റും, ഹൈവേ പോലീസ്, ഫ്ളൈയിംഗ് സ്കാഡ് എന്നിവ പ്രവർത്തിച്ചുവരുന്നു. പോലീസ് ബീറ്റ്, പട്രോളിംഗ് എന്നിവ ശക്തമാക്കിയും, കോംപിംഗ് ഓപ്പറേഷൻ നടത്തിയും നടപടി സ്വീകരിക്കുന്നുണ്ട്

4. 16 പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുകയും, ഒഴിവുള്ള തസ്തികകളിലെല്ലാം നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഫലപ്രദമായി നടപ്പിലാക്കിവരുന്നു. ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ റസിഡന്റ്സ് അസോസിയേഷനുകളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസുകളും പട്രോളിംഗും ബീറ്റും നടത്തിവരുന്നുണ്ട്. ഇവ കൂടാതെ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി കടലോര ജാഗ്രതാ സമിതി, ഹൈവേ സുരക്ഷാ ജാഗ്രതാ സമിതി, സ്ക്കൂൾ/കോളേജ് ജാഗ്രതാ സമിതി, സ്റ്റുഡന്റ് കേഡറ്റ് പോലീസ് പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നുണ്ട്.

കുറ്റാന്വേഷണം ശാസ്ത്രീയമാകുന്നതിന്റെ ഭാഗമായി ഫോറൻസിക് സയൻസ് ലബോറട്ടറി, ഫിംഗർ പ്രിന്റ് ബ്യൂറോ, സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, ഹൈടെക് എൻക്വയറി സെൽ, ജില്ലാ സൈബർ സെല്ലുകൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2010 വർഷത്തിൽ സംസ്ഥാനത്ത് 368 കൊലപാതകങ്ങളാണ് നടന്നത്. ഇത് മുൻ വർഷങ്ങളിൽ നടന്ന കൊലപാതകങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലല്ല.

(ഡി) കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 1825 കൊലപാതകങ്ങളിലായി രജിസ്റ്റർ ചെയ്ത 1704 കേസുകളിൽ 105 എണ്ണത്തിലെ പ്രതികളെ കണ്ടെത്തുന്നതിന് അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

(ഇ) ലഭ്യമായ പോലീസ് അംഗബലം മികച്ച രീതിയിലും അധികാര വികേന്ദ്രീകരണത്തിലൂടെയും കുറ്റമറ്റ രീതിയിൽ വിന്യസിച്ച് സംസ്ഥാനത്ത് പൊതുവായ ക്രമസമാധാന നില ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാതൃകാപരമായ ഈ നടപടി മൂലം സംസ്ഥാന സർക്കാർ ദേശീയ മാധ്യമങ്ങളുടെ ശ്രദ്ധ പിടിച്ചു പറ്റുകയും മികച്ച ക്രമസമാധാന പാലനത്തിനുള്ള ബഹുമതിക്ക് അർഹത നേടുകയും ചെയ്തിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

18 (*198) ശ്രീ. രാജു എബ്രഹാം :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) തനത് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) നഗരസഭകൾക്കും പഞ്ചായത്തുകൾക്കും വികസന പ്രവർത്തനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വായ്പ ലഭ്യമാക്കുന്നതിന് രൂപീകരിച്ച കേരള ലോക്കൽ ഗവൺമെന്റ് ഡെവലപ്പ്മെന്റ് ഫണ്ട് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ഡി) സ്ഥാപനത്തിന്റെ പ്രവർത്തന മൂലധനം എത്രയാണ് ; ഫണ്ട് വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) തദ്ദേശ സ്ഥാപനങ്ങൾക്ക് ഫണ്ടിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly